# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - IV** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10**

1. ശ്ലീഹന്മാരുടെ പിൻഗാമികൾ
2. നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്കുണ്ടാകുന്ന ദുഃഖം
3. ദൈവം കുടുംബത്തെ സംരക്ഷിക്കുന്നതും അനുഗ്രഹിക്കുന്നതും ആരിലൂടെയാണ്?
4. ദൈവത്തോടും സഹോദരരോടും രമ്യപ്പെടുന്നത് ഏത് കൂദാശ വഴിയാണ്?
5. ഈശോയുടെ കല്പന അനുസരിച്ച് പുറപ്പെട്ട ശിഷ്യന്മാർ ജനങ്ങളോട് പ്രസംഗിച്ചതെന്ത്?
6. ഈശോ തന്റെ പ്രാർത്ഥനയിൽ ആരുമായിട്ടാണ് സംസാരിച്ചിരുന്നത്?
7. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ എന്ന് പറഞ്ഞ ശ്ലീഹ ആര്?
8. ഈശോയുടെ പൗരോഹിത്യത്തിൽ നാം പങ്കുപറ്റുന്ന കൂദാശയേത്?
9. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു." വചനഭാഗം എഴുതുക.
10. വിവാഹബന്ധം പവിത്രവും പരിശുദ്ധവുമാണെന്നും മരണംവരെ വേർപെടുത്താനാവാത്ത ബന്ധമാണെന്നും പഠിപ്പിച്ചതാര്?

| |
|---|
| ഡീക്കൻമാർ |
| ലൂക്കാ 9:19 |
| മെത്രാന്മാർ |
| പിതാവ് |
| യാക്കോബ് |
| തൈലാഭിഷേകം |
| ലൂക്കാ 19:9 |
| മാമ്മോദീസ |
| പൗലോസ് |
| ഈശോ |
| അനുരഞ്ജനം |
| മക്കൾ |
| മനസ്താപം |
| മാതാപിതാക്കൾ |
| അനുതാപം |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

11. പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ, സമൂഹപ്രാർത്ഥനകളിൽ വരുന്ന പ്രാർത്ഥനകൾ എന്നിവ തരം തിരിച്ചെഴുതുക.

| | |
|---|---|
| ആരാധന | മാദ്ധ്യസ്ഥ്യം |
| വി. കുർബാന | സ്തുതിപ്പ് |
| കൃതജ്ഞത | കുടുംബപ്രാർത്ഥന |
| യാചന | കുടുംബകൂട്ടായ്മ പ്രാർത്ഥന |
| യാമപ്രാർത്ഥന | |

12. നല്ല ഒരുക്കത്തോടെ അനുരഞ്ജന കൂദാശ സ്വീകരിക്കുമ്പോൾ ലഭിക്കുന്ന ഫലങ്ങൾ ഏവ?

    a) പാപമോചനം. b) .............. c) ................. d) ................

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക (ഏതെങ്കിലും 5 എണ്ണം) 5X1=5**

13. a) കൈവയ്പു ശുശ്രൂഷ – ദൈവിക ശക്തി
b) പാപമോചനം – ദൈവാലയം
c) രോഗീലേപനകൂദാശ – തിരുപ്പട്ടക്കൂദാശ
d) ദൈവത്തിന്റെ പ്രതിനിധികൾ – വി. ഡൊമിനിക്ക് സാവിയോ
e) പ്രാർത്ഥനയുടെ ഫലം – അപ്പസ്തോലന്മാർ
f) 'എനിക്ക് വിശുദ്ധനാകണം സ്വർഗ്ഗത്തിൽ പോകണം' – പാപമോചനവും രോഗസൗഖ്യവും
g) സക്രാരി – മാതാപിതാക്കൾ

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4**

14. തിരുവചനം എഴുതുക."സാധിക്കുന്നിടത്തോളം ...... വർത്തിക്കുവിൻ." (റോമാ 12:18)
15. കാരുണ്യപ്രവൃത്തികളിൽ രണ്ടെണ്ണം എഴുതുക.
16. ആദ്യമായി പുൽക്കൂട് ഒരുക്കിയത് ആര്?
17. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'തുറന്നിരിക്കുന്ന വി. ഗ്രന്ഥം' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

18. പുരോഹിതൻ ഏതെല്ലാം ദൗത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടാണ് ദൈവജനത്തെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും നയിക്കുകയും ചെയ്യുന്നത്?
19. അനുരഞ്ജനം പൂർണ്ണമാകുന്നത് എപ്പോഴാണ്?
20. പാപത്തിൽ വീഴാൻ ഇടയായാൽ ഉടൻതന്നെ നാം ചെയ്യേണ്ടത് എന്താണ്?
21. വിവാഹമെന്ന കൂദാശയുടെ പരികർമ്മത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമേത്?
22. മാരകപാപം എന്നാൽ എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**
(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. രോഗീലേപനം എന്നാൽ എന്ത്? ഒരു രോഗിയെ സന്ദർശിക്കുമ്പോൾ നാം ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം? പതിനൊന്നാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

24. ഈശോ നമ്മെ വിളിക്കുന്നത് വിശുദ്ധിയിലേക്കാണ്. വിശുദ്ധരാകാൻ, നന്മയുടെ മിന്നാമിനുങ്ങുകളാകാൻ എപ്രകാരം ജീവിക്കണം എന്നു വിവരിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടുകാരന്/കൂട്ടുകാരിക്ക് ഒരു കത്ത് എഴുതുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** **മാർക്ക് – 50**
**10.30 A.M. - 12.30 P.M.** **STD - V** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10**

1. ഇസ്രായേലിന് ദൈവത്തോടുള്ള ബന്ധത്തിന്റെ പ്രതീകം
2. 'ആഴ്ചകളുടെ തിരുനാൾ' ഏത്?
3. ഇസ്രായേൽജനത്തിന്റെ പ്രാർത്ഥനാഗീതങ്ങൾ
4. പന്ത്രണ്ട് ന്യായാധിപന്മാരുടെ ചരിത്രം വിവരിക്കുന്ന പഴയനിയമത്തിലെ ഗ്രന്ഥം
5. ഇസ്രായേൽജനത്തെ സത്യദൈവവിശ്വാസത്തിൽ ഉറപ്പിക്കാൻ പ്രവർത്തിച്ച പ്രവാചകൻ
6. ഇമ്മാനുവേൽ പ്രവചനത്തിൽ ശിശുവിന് അസാധാരണവിശേഷങ്ങൾ നൽകിയത് ആര്?
7. ഈശോയുടെ മാമ്മോദീസായെ അനുസ്മരിക്കുന്ന തിരുനാൾ
8. ആരുടെ ഭരണകാലമാണ് ഇസ്രായേലിന്റെ സുവർണകാലഘട്ടം?
9. മോശയുടെ നിയമത്തിന്റെ രത്നച്ചുരുക്കം
10. ഇസ്രായേൽജനം പെസഹാത്തിരുനാൾ ആചരിച്ചത് എവിടെ വച്ചാണ്?

| |
|---|
| സീനായ് മരുഭൂമിയിൽ |
| സങ്കീർത്തനങ്ങൾ |
| സെഹിയോൻ മാളിക |
| പൗരോഹിത്യം |
| ഏലിയ |
| സോളമൻ |
| ദനഹാത്തിരുനാൾ |
| ക്രിസ്തുമസ് |
| ഏശയ്യ |
| ന്യായാധിപന്മാർ |
| രാജാക്കന്മാർ |
| സുഭാഷിതങ്ങൾ |
| പന്തക്കുസ്താ |
| ഉയിർപ്പുതിരുനാൾ |
| പത്തുകല്പനകൾ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക** **3X2=6**

11. വലിയ പ്രവാചകന്മാരെയും ചെറിയ പ്രവാചകന്മാരെയും തരംതിരിച്ചെഴുതുക.

| | |
|---|---|
| ഏശയ്യാ | ഹോസിയ |
| മിക്കാ | യോനാ |
| ജോയേൽ | എസെക്കിയേൽ |
| ജറെമിയാ | ആമോസ് |
| സഖറിയാ | ദാനിയേൽ |

12. ഇസ്രായേൽക്കാർ ദൈവത്തിന് ബലികൾ അർപ്പിച്ചിരുന്നത് എന്തിനെല്ലാം?

a) ദൈവത്തിന് ആരാധനയും സ്തുതിയും അർപ്പിക്കുന്നതിന്

b) ...................... c) ...................... d) ......................

## C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക (ഏതെങ്കിലും 5 എണ്ണം) 5X1=5

13.

| | | |
|---|---|---|
| a) ദൈവസാന്നിധ്യം | - | ദിവ്യകാരുണ്യം |
| b) നിയമം പഠിപ്പിക്കുക | - | എസെക്കിയേൽ |
| c) പ്രത്യാശയുടെ സന്ദേശം | - | വാഗ്ദാനപേടകം |
| d) അവസാനത്തെ പ്രവാചകൻ | - | പുരോഹിതന്മാർ |
| e) തിരുസഭയിലുള്ള നിയമങ്ങൾ | - | സ്നാപകയോഹന്നാൻ |
| f) 'സ്വർഗത്തിലേക്കുള്ള എന്റെ ഹൈവേ' | - | വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസ് |
| g) ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ വെർച്വൽ ലൈബ്രറി | - | സഭയുടെ സന്താനങ്ങൾ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. തിരുവചനം എഴുതുക. റോമാ 12:21 "തിന്മ നിങ്ങളെ ......"

15. നിത്യസഹായ മാതാവിന്റെ നാമധേയത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ ദൈവാലയം ഏത്? അത് ഏത് അതിരൂപതയിലാണ് സ്ഥിതിചെയ്യുന്നത്?

16. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ രണ്ടെണ്ണം എഴുതുക.

17. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'വിരിച്ചുപിടിച്ച കൈകൾ' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. ഇസ്രായേൽക്കാരുടെ ജൂബിലിയാചരണം ഓർമ്മപ്പെടുത്തുന്നതെന്ത്?

19. യോഹന്നാൻ തന്റെ ദൗത്യം അവസാനിപ്പിക്കുന്നത് എങ്ങനെ?

20. ഇസ്രായേൽക്കാരുടെ ജീവിതവ്രതം എന്തായിരുന്നു?

21. 'യോംകിപ്പൂർ' എന്ന പദം അനുസ്മരിപ്പിക്കുന്നത് എന്ത്?

22. പ്രവാചകന്മാർ ഇസ്രായേൽജനത്തിനു നൽകിയ ആഹ്വാനം എന്തായിരുന്നു?

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും വാഗ്ദാനങ്ങളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണം മിശിഹാ ആകുന്നത് എപ്രകാരമെന്ന് പതിനഞ്ചാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

24. വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസിന്റെ ജീവിതം നിങ്ങളെ എപ്രകാരം സ്വാധീനിച്ചിട്ടുണ്ട് എന്ന് വ്യക്തിപരമായ അനുഭവങ്ങളെ ആസ്പദമാക്കി വിശദമാക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - VI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10**

1. വി. കുർബാനയിൽ പരസ്പരമുള്ള സമാധാനാശംസയും അനുരഞ്ജനശുശ്രൂഷയും ആഹ്വാനം ചെയ്യുന്നത്
2. ഗുരുവിനോടൊത്തുവസിച്ച് ഗുരുവിനെ മനസ്സിലാക്കി ഗുരുസ്നേഹം അനുഭവിക്കുന്നവനാണ്
3. ഈശോ തന്റെ മരണത്തെക്കുറിച്ച് നൽകിയ മൂന്നു പ്രവചനങ്ങളും അവസാനിക്കുന്നത് എന്ത് അറിയിച്ചുകൊണ്ടാണ്?
4. ആദിമസഭയിലെ ഏറ്റവും വലിയ പ്രേഷിതൻ
5. ദൈവാലയത്തിൽ വിശുദ്ധ ലിഖിതങ്ങൾ വായിക്കപ്പെടുമ്പോൾ ആരാണ് നമ്മോട് സംസാരിക്കുന്നത്?
6. ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്ന ദിവസം
7. ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം
8. വി. കുർബാനയിൽ കാർമ്മികൻ കുരിശാകൃതിയിൽ കൈകൾ പിടിച്ച് പ്രാർത്ഥിക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
9. പുതിയ നിയമത്തിലൂടെ ഏത് പദ്ധതിയുടെ പൂർത്തീകരണമാണ് നമ്മൾ അനുഭവിച്ചറിയുന്നത്?
10. ഏറ്റവും ശക്തമായ സുവിശേഷ പ്രഘോഷണം?

| |
|---|
| വിശ്വാസം |
| മിശിഹാ |
| ഉത്ഥാനം |
| ജീവിത മാതൃക |
| വി. പത്രോസ് |
| പുതുഞായർ |
| ശിഷ്യൻ |
| രക്ഷാകരപദ്ധതി |
| ഈശോയുടെ കുരിശുമരണത്തെ |
| സ്നേഹിക്കാൻ |
| മാലാഖ |
| വി. പൗലോസ് |
| സഭയുടെ പദ്ധതി |
| ക്ഷമിക്കാൻ |
| ഈശോയുടെ പീഡാനുഭവത്തെ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

11. മനുഷ്യരക്ഷയ്ക്കായി ബലി നൽകിയ ഈശോയുടെ സഹനങ്ങൾ ക്രമപ്പെടുത്തി എഴുതുക?

| | |
|---|---|
| പീലാത്തോസിന്റെ മുൻപിൽ | യൂദാസിന്റെ വഞ്ചന |
| പത്രോസ് തള്ളിപ്പറയുന്നു | ഈശോയെ പരിഹസിക്കുന്നു |
| ഈശോ കുരിശിൽ മരിക്കുന്നു | കാൽവരിയാത്ര |

12. എമ്മാവൂസ് അനുഭവം പൂർത്തിയാക്കുക.
"അവൻ അവരോടുകൂടെ ........ അവരോടൊപ്പം ....... അപ്പം എടുത്ത് ...... അപ്പോൾ ........ അവർ ........ അപ്രത്യക്ഷനായി." (ലൂക്കാ 24:30-31)

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക (ഏതെങ്കിലും 5 എണ്ണം) 5X1=5**

13.

| | | |
|---|---|---|
| a) ശൂന്യമായ കല്ലറ | - | പന്തക്കുസ്താ |
| b) സഭയുടെ ഉദ്ഘാടനം | - | വി. കുർബാന |
| c) ആരാധനാവത്സരം | - | ദൈവത്തിനു സ്തുതി |
| d) ലൗദാത്തോ സി | - | ശ്ലീഹാക്കാലം |
| e) മിശിഹാരഹസ്യം | - | ഈശോയുടെ ഉത്ഥാനം |
| f) ലൗദാത്തേ ദേവും | - | അങ്ങേക്ക് സ്തുതി |
| g) പരിശുദ്ധാത്മാവിന്റെ സുവിശേഷം | - | അപ്പസ്തോല പ്രവർത്തനങ്ങൾ |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4**

14. പരി. ജപമാലയിലെ പ്രകാശത്തിന്റെ 5-ാം രഹസ്യം എഴുതുക.

15. 1549-ൽ ജപ്പാൻ തീരങ്ങളിലേക്ക് സുവിശേഷവുമായി ആദ്യം വന്നിറങ്ങിയത് ആര്?

16. തിരുവചനം എഴുതുക. യോഹന്നാൻ 15:10 "നിങ്ങൾ എന്റെ ..........."

17. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'ചെടിയും ഏഴ് വെള്ള പൂക്കളും' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

18. വി. കുർബാനയിലെ അനുരഞ്ജന കാറോസൂസയിലെ നമ്മുടെ പ്രാർത്ഥന എന്ത്?

19. യോനായ്ക്ക് ദൈവം നൽകിയ ദൗത്യം എന്തായിരുന്നു?

20. ഈശോ തോമ്മാശ്ലീഹായ്ക്ക് നൽകിയ ക്ഷണം എന്തായിരുന്നു?

21. പന്തക്കുസ്താത്തിരുനാളിൽ നാം അനുസ്മരിക്കുന്നത് എന്ത്?

22. "സമാധാനം നിങ്ങളോടുകൂടെ" എന്ന കാർമ്മികന്റെ ആശംസ സൂചിപ്പിക്കുന്നത് എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. ഈശോയുടെ പ്രബോധനങ്ങളും മാതൃകയും അനുകരിച്ച് നമുക്ക് എങ്ങനെ ക്ഷമയുള്ളവരാകാം എന്ന് ഒമ്പതാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

24. വിശ്വാസപരിശീലനം നേടുന്ന കുട്ടികളെന്ന നിലയിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനായി സമൂഹത്തിലും സ്കൂളിലും ഇടവകതലത്തിലും നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാകും? ഇടവകതലത്തിൽ GreenCat Club ആരംഭിക്കുന്നതിനുവേണ്ടി പരിസ്ഥിതി സംരക്ഷണത്തിനായിട്ടുള്ള ഒരു Action Plan തയ്യാറാക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

18/02/2024 — മാർക്ക് - 50

10.30 A.M. - 12.30 P.M. **STD - VII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * സ്നേഹപൂർവ്വം | * മത്തായി 5:3 | * വി. പൗലോസ് |
| * പീലാത്തോസ് | * ദൈവം | * പഴയ നിയമജനത |
| * നീതിപൂർവ്വം | * സഭയ്ക്ക് | * വി. പത്രോസ് |
| * നല്ല സമരിയാക്കാരൻ | * സത്യസന്ധത | * റോമാ 7:19 |
| * വിശ്വാസം | * ആദിമ ക്രിസ്ത്യാനികൾക്ക് | * ധൂർത്തപുത്രന്റെ ഉപമ |

1. മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹബന്ധത്തിന്റെ മാതൃകയെന്ന് അവതരിപ്പിച്ചതാര്?
2. മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുന്നവർക്കേ .......... പെരുമാറാൻ കഴിയൂ?
3. താൻ ലോകത്തിലേക്ക് വന്നത് സത്യത്തിന് സാക്ഷ്യം വഹിക്കാനാണെന്ന് ഈശോ ആരോടാണ് പറഞ്ഞത്?
4. "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:37) എന്ന ദൈവവചനം ഏത് ഉപമയുമായി ബന്ധപ്പെട്ടിരിക്കുന്നു?
5. ഭാര്യാഭർതൃബന്ധത്തെ ഇസ്രായേലും ദൈവവുമായിയുള്ള ബന്ധമായി ഉപമിച്ചത് ആര്?
6. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്." വചനഭാഗം എഴുതുക.
7. ഈശോയിൽ വിശ്വസിക്കുന്നവരുടെ മനഃസാക്ഷിയുടെ അടിസ്ഥാനം
8. ദൈവപ്രമാണങ്ങളെ വിശദീകരിക്കാനും വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അവകാശം ഈശോ ആർക്കാണ് നൽകിയിരിക്കുന്നത്?
9. സത്യത്തിന്റെ പൂർണത
10. "ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്." വചനഭാഗം എഴുതുക.

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (ഏതെങ്കിലും 5 എണ്ണം) 1X5=5**

11. ഔദാര്യത്തിന്റെ അടിത്തറ?
12. ശുദ്ധത എന്ന പുണ്യത്തിനായി ജീവൻ ബലികഴിച്ച വിശുദ്ധ ആര്?
13. ദാമ്പത്യവിശുദ്ധിയെക്കുറിച്ച് പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതെന്ത്?

14. നമ്മുടെ നീതിബോധത്തിന്റെ അടിസ്ഥാനം എന്താകണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്?

15. ആധുനികലോകത്തിൽ കുടുംബബന്ധങ്ങൾ തകരാറിലാകുന്നതിന്റെ പ്രധാന കാരണം?

16. മനഃസാക്ഷിയുടെ തീരുമാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായം ലഭിക്കുന്നത് ആർക്കാണ്?

17. ഹാപ്പി ഹോർമോണുകളെ കൂടുതലായി എങ്ങനെ ഉത്പാദിപ്പിക്കാം?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

18. വിവാഹം ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ ഫലദായകമായ അടയാളമായി മാറുന്നത് എങ്ങനെ?

19. സമ്പത്ത് ദൈവികദാനമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

20. ക്രിസ്തീയ മനഃസാക്ഷി രൂപപ്പെടുത്താൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. പരി. ജപമാലയിലെ ദുഃഖകരമായ രഹസ്യങ്ങളിലെ 4-ാം രഹസ്യം എഴുതുക.

22. ബലി അർപ്പണത്തിൽ അപ്പത്തിനും വീഞ്ഞിനും വരുന്ന മാറ്റത്തെ സൂചിപ്പിക്കുന്നത് എന്ത്?

23. തിരുവചനം എഴുതുക. സുഭാഷിതം 3:27 "നിനക്കു ചെയ്യാൻ......"

24. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'മൂന്ന് നീല പുഷ്പങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

25. തിരുസഭയുടെ കല്പനകൾ നമ്മെ സഭയുടെ വിശ്വസ്ത മകനായി/മകളായി ഈ ലോകത്തിൽ ജീവിക്കാൻ എങ്ങനെ സഹായിക്കുന്നുവെന്ന് പതിമൂന്നാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

26. 'നന്മ തിന്മകൾ തിരഞ്ഞെടുക്കാൻ പ്രപഞ്ചത്തിൽ മനുഷ്യനേ സാധിക്കുകയുള്ളൂ.' ദൈവം തന്ന ഈ കഴിവ് ലൈംഗികതയുടെ കാര്യത്തിൽ എപ്രകാരം വിവേകത്തോടെ ഉപയോഗിക്കാൻ സാധിക്കുമെന്ന് വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ വിശദമാക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** മാർക്ക് - 50

**10.30 A.M. - 12.30 P.M.** **STD - VIII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * വിശുദ്ധി | * പരി. കന്യകാമറിയം | * പരിശുദ്ധാത്മാവ് |
| * സ്നേഹം | * കൊയ്നോനിയ | * പാത്രിയാർക്കീസ് |
| * വി. മത്തായി | * വി. പൗലോസ് | * വി. അഗസ്തീനോസ് |
| * വി. പത്രോസ് | * സഭ | * ജ്ഞാനം |
| * കാത്തോലിക്കോസ് | * സമാധാനവും സന്തോഷവും | * കൂദാശാനുകരണങ്ങൾ |

1. സ്വർഗ്ഗീയ ജീവിതത്തിന്റെ അനുഭവം പകരുന്ന ആത്മാവിന്റെ ഫലങ്ങൾ ഏവ?
2. 'പലരായിരിക്കുന്ന നാം ഒരേ അപ്പത്തിൽ പങ്കുചേർന്നുകൊണ്ട് മിശിഹായിൽ ഏകശരീരമായിത്തീരുന്നു,' എന്ന് പറഞ്ഞത് ആര്?
3. സകല ജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളം
4. 'കൂട്ടായ്മ'യ്ക്ക് ഗ്രീക്ക് ഭാഷയിൽ ഉപയോഗിക്കുന്ന പദം
5. ഓരോരുത്തരും സ്വന്തം ജീവിതാവസ്ഥയുടെ കടമകൾ വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊണ്ട് സ്നേഹത്തിന്റെ പൂർണത നേടുമ്പോൾ പ്രാപിക്കുന്നത് എന്ത്?
6. 'ആചാരങ്ങളിലെ വൈവിധ്യമാണ് സഭയുടെ സൗന്ദര്യം' എന്ന് പ്രഖ്യാപിച്ചത് ആര്?
7. അന്ത്യവിധിയെക്കുറിച്ച് ഏറ്റവും സമ്പന്നമായ വിവരണം നൽകുന്നതാര്?
8. പേട്രിയാർക്കൽ സഭകളുടെ തലവൻ
9. ഈശോയുടെ വിശ്വസ്തമണവാട്ടിയായ തിരുസഭയുടെ പ്രതിരൂപം
10. ദൈവത്തിന്റെ കൃപാവരം സ്വീകരിക്കാനും അവയോട് സഹകരിച്ച് വിശുദ്ധിയിൽ വളരാനും സഹായിക്കുന്നതെന്ത്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (ഏതെങ്കിലും 5 എണ്ണം) 1X5=5**

11. വി. പൗലോസിന്റെ കാഴ്ചപ്പാടിൽ 'മരണം നേട്ടമാണ്' എന്ന് പറയാൻ കാരണമെന്ത്?
12. എങ്ങനെയെല്ലാമാണ് സഭ മരിയഭക്തി പ്രകടമാക്കുന്നത്?
13. വിശുദ്ധ കുർബാന സ്വീകരിക്കുന്നവരെക്കുറിച്ച് മാർ അപ്രേം പറയുന്നത് എന്ത്?

14. പുരാതനമായ പൗരസ്ത്യ ആരാധനക്രമ പാരമ്പര്യങ്ങൾ പിൻതുടരുന്ന സഭകൾ ഏതെല്ലാം?

15. എഫേസോസ് 2:20 ഉദ്ധരിക്കുക.

16. എറണാകുളം-അങ്കമാലി അതിരൂപതയിലെ ഏറ്റവും പുരാതനമായ രണ്ട് ദൈവാലയങ്ങളുടെ പേര് എഴുതുക.

17. കേരളസഭയിൽ ഇടവകയിലെ 'കുടുംബ കൂട്ടായ്മ' ആദ്യമായി സ്ഥാപിതമായത് ഏത് അതിരൂപതയിലാണ്?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

18. 'ദൈവവിളികൾ വിശുദ്ധീകരണത്തിന്റെ മാർഗ്ഗമാണ്.' വിശദമാക്കുക.

19. ഇസ്രായേലിന് രക്ഷാകരമായ അനുഭവം പ്രദാനം ചെയ്തിരുന്ന ത്രിവിധ ദൗത്യങ്ങൾ വിശദീകരിക്കുക.

20. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട തിരുനാളുകൾ കുറിക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. ദൈവത്തിന്റെ ലക്ഷണങ്ങൾ എഴുതുക.

22. 'കൂദാശകളുടെ കൂദാശ' എന്ന് വിശുദ്ധ കുർബാനയെ വിളിക്കാൻ കാരണം?

23. തിരുവചനം എഴുതുക. 1 പത്രോസ് 3:9 "തിന്മയ്ക്കു......"

24. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'കൈകൾ വിരിച്ച് സന്തോഷത്തോടെ നിൽക്കുന്ന ആളുകൾ' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

25. 'ക്രൈസ്തവജീവിതം ഒരു തീർത്ഥാടനമാണ്.' മഹത്വപൂർണമായ സ്വർഗീയതീർത്ഥാടനത്തിന് ക്രൈസ്തവരായ നമ്മൾ എപ്രകാരമാണ് ഒരുങ്ങേണ്ടത്? പത്താം പാഠത്തെ അടിസ്ഥാനമാക്കി വിശദമാക്കുക?

26. 'നന്മയിൽ വളരാം' എന്നതാണല്ലോ ഈ വർഷത്തെ ആപ്തവാക്യം. നന്മയിൽ വളരുന്നതിന്റെ ഉത്തമ ഉദാഹരണമാണല്ലോ സാമൂഹ്യപ്രവർത്തനങ്ങൾ. എറണാകുളം-അങ്കമാലി അതിരൂപത നേതൃത്വം നൽകുന്ന സാമൂഹ്യപ്രവർത്തന മേഖലകളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ഇതിൽ പങ്കാളിയാകാൻ സാധിക്കും എന്ന് വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** | **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** **STD - IX** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

* ദൈവാരാധന
* പൈന
* വിഭജനശുശ്രൂഷ
* മദ്ബഹാ
* അനുരഞ്ജന ശുശ്രൂഷ
* സ്വാഭാവികം
* അരക്കെട്ട്
* അപ്പം മുറിക്കൽ
* മനുഷ്യജീവിതം
* റോമാ 13:12-14
* റാസ ക്രമം
* റോമാ 14:12-13
* അനാഫൊറ
* കൗദാശിക
* കെസ്ത്രോമ

1. ദൈവത്തെ പ്രാപിക്കുമ്പോൾ മാത്രം അർത്ഥവത്തായി തീരുന്നത് എന്ത്?
2. ദൈവാലയത്തിലെ അതിവിശിഷ്ടമായ സ്ഥലം
3. വി. കുർബാനയിൽ സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തോടു പ്രകൃതിദത്തമായ ബന്ധമുള്ള അടയാളങ്ങളെ വിളിക്കുന്നതെന്ത്?
4. സീറോ-മലബാർ സഭയിൽ ഏറ്റവും ആഘോഷമായ വി. കുർബാനയുടെ രൂപം ഏത്?
5. പുരോഹിതൻ ധരിക്കുന്ന നീതിയുടെ വസ്ത്രം
6. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ ഉത്ഥിതനായ ഈശോയെ തിരിച്ചറിഞ്ഞത് ഏതു സന്ദർഭത്തിലാണ്?
7. വി. കുർബാനയുടെ കേന്ദ്രഭാഗം
8. കാൽവരിയിൽ പൂർത്തിയാകാനിരുന്ന ബലിയുടെ ........ രൂപമായിരുന്നു അന്ത്യത്താഴത്തിൽ നിറവേറിയത്.
9. വിശുദ്ധ കുർബാനയുടെ പാപമോചക സ്വഭാവം വ്യക്തമാക്കുന്ന കർമ്മം
10. വി. അഗസ്തീനോസിനെ മാനസാന്തരപ്പെടുത്തിയ വചനഭാഗം എഴുതുക.

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. വി. കുർബാനയിൽ ആഘോഷിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന ദിവ്യരഹസ്യങ്ങൾ?
12. യോഹന്നാൻ 3:16 ഉദ്ധരിക്കുക.
13. ജീവിതത്തിൽ തുടരുന്ന വി. കുർബാന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
14. കൂദാശ എന്നാൽ എന്ത്?

15. ഈശോ നൽകിയ കല്പന അനുസരിച്ചാണ് വി. കുർബാന അർപ്പിക്കുന്നത്. ആ കല്പന ഏത്?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

16. വി. കുർബാനയിലെ ഫലങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.
17. വി. കുർബാനയിൽ ഉപയോഗിക്കുന്ന അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം എന്ത്?
18. ലിറ്റർജി എന്നാൽ എന്ത്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. മൂലപാപങ്ങൾക്ക് എതിരായ പുണ്യങ്ങൾ എഴുതുക.
20. വി. കുർബാനയിൽ അൾത്താര പ്രതിനിധീകരിക്കുന്ന രണ്ട് വശങ്ങൾ?
21. തിരുവചനം എഴുതുക. ലൂക്കാ 6:27 "ശത്രുക്കളെ........"
22. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'കാസ' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

23. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് നിങ്ങളുടെ ബോധ്യങ്ങളുടെയും ജീവിതാനുഭവങ്ങളുടെയും വെളിച്ചത്തിൽ എട്ടാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
24. 'അപരനുവേണ്ടി അപ്പമാകാൻ വിശുദ്ധ കുർബാന ഒരു വിശ്വാസിയെ നിരന്തരം ഓർമ്മപ്പെടുത്തുന്നു.' നിങ്ങളുടെ ജീവിതത്തിൽ വിശുദ്ധ കുർബാന സ്വാധീനം ചെലുത്തുന്നുണ്ടോ? വി. കുർബാന ജീവിക്കാനുള്ള സാധ്യതകൾ ഏതൊക്കെ എന്ന് നിങ്ങളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ വിവരിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |